MR. EAPEN ARAKKAL: Has an Inspector by name Sylvester been reverted as a Police constable?

HON'BLE MR. T. K. NARAYANA PILLAI: Not to my knowledge.

MR. EAPEN ARAKKAL: Will the Government be pleased to enquire into the matter?

HON'BLE MR. T. K. NARAYANA PILLAI: Certainly. The Government will be anxious to enquire into the matter.

## നിർബന്ധിതവിദ്യാഭ്യാസം.

*28. MR. SANKARAN NADAR (*Neyyattinkara I—Hindu Nadar*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ?

(എ) നെയ്യാറ്റിൻകര താലൂക്കു നിവാസികൾ, നെയ്യാറ്റിൻകര താലൂക്കിൽ നിർബന്ധിത വിദ്യാഭ്യാസം നടപ്പിൽ വരുത്തണമെന്നു രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അടുത്ത സ്കൂൾവർഷത്തിലെങ്കിലും നടപ്പിൽ വരുത്തുന്നതിന് മുൻകൂട്ടി വേണ്ടതു ചെയ്യുമോ?

HON'BLE MR. N. KUNJURAMAN: (എ) ഉണ്ട.

(ബി) ഈ ആലോചനാവിഷയമായിരിക്കുകയാണു്.

## *Introduction of Prohibition.*

*29. MR. MANKUZHI M. MADHAVAN (*Chirayinkil III—General*): Will the Hon'ble Minister for Excise be pleased to state whether the Government have got a definite plan for introducing prohibition throughout the State?

HON'BLE MR. E. K. MADHAVAN: The question of extending prohibition in the State is under the consideration of Government.

MR. MANKUZHI M. MADHAVAN: ഇതു ഏതു കാലംകൊണ്ടു് പൂർത്തീകരിക്കുമെന്നു പറയാമോ?

HON'BLE MR. E. K. MADHAVAN: അതേപ്പറ്റി ആലോചിച്ചു വരുകയാണു്.

MR. V. K. VARGHESE (*Pathanamthitta III—General*): ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള പ്രൊഹിബിഷൻ ഏർപ്പാടുകൾ വിജയപ്രദമായിരിക്കുന്നുവെന്നു ഗവണ്മെൻറിനു ബോധ്യമുണ്ടോ?

HON'BLE MR. E. K. MADHAVAN: വിജയകരമായിരിക്കുന്നു എന്നാണു് ഗവണ്മെൻറിന്റെ ബോദ്ധ്യം.

LIBRARY ARCHIVES Kerala Legislative Assembly

MR. N. DANIEL JOSE : Has the Government any plan to provide employment to toddy tappers when the scheme is extended through out the State?

HON'BLE MR. E. K. MADHAVAN : തീർച്ചയായും.

MR. DANIEL JOSE : May I konw what plan is in view?

HON'BLE MR. E. K. MADHAVAN : അതു സംബന്ധിച്ചും ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

MR. N. V. CHACKO : നല്ല കള്ള് ഒരു ഭക്ഷണ സാധനമായതുകൊണ്ട് കൂടി പാടേ നിറുത്തുന്നതു ശരിയല്ലെന്നു ഗവൺമെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : കള്ള് ഒരു നല്ല ഭക്ഷണസാധനമാണെന്നു ഗവണ്മെൻറിന് അറിവില്ല.

### *Inclusion of Chirayinkil taluk.*

*30. MR. MANKUZHI M. MADHAVAN : Will the Hon'ble Minister for Excise be pleased to state whether the Government would be pleased to bring Chirayinkil Taluk also under prohibition in the year 1125.

HON'BLE MR. E. K. MADHAVAN : The request of the Hon'ble Member will be considered when the question of extending prohibition in the State is decided.

### പോലീസ് അക്രമം.

*31. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തുലാം [illegible]-൦൦൯- രാത്രിയിൽ മല്ലപ്പള്ളിയിലുള്ള ഒരു സാധുവായ ചായക്കടക്കാരന്റെ കടയിൽ കിഴ്വായ്പൂർ പോലീസ് സ്റ്റേഷനിലെ രണ്ടോ മൂന്നോ പോലീസ് കോൺസ്റ്റബിളും മഫ്തിയായി പ്രവേശിച്ചു് ആയുധങ്ങൾ കാണിച്ചു് ഭയപ്പെടുത്തുകയും അയാളിൽനിന്നും പണം വാങ്ങിക്കുകയും ചെയ്തതായി മന്ത്രിക്കും ഐ. ജി-ക്കും പരാതികൾ ലഭിച്ചോ?

(ബി) അതിന്മേൽ എന്തു നടപടികൾ എടുത്തു?

(സി) അങ്ങനെയുള്ള അക്രമികളായ പോലീസുകാരെ ഡിപ്പാർട്ട്മെൻറിൽനിന്നും നിഷ്കാസനം ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly